പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4357

27.06.2013ൽ
മറുപടിക്ക്

ഇ-മണൽ സംവിധാനം

ചോദ്യം
ശ്രീ.സി.കൃഷ്ണൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കണ്ണൂർ ജില്ലയിൽ മണൽ ലഭ്യമല്ലാത്തതിനാൽ നിരവധിയാളുകൾ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജില്ലയിൽ ഇ-മണൽ സംവിധാനപ്രകാരം മണലിനുവേണ്ടി എത്ര അപേകഷകൾ ലഭിച്ചുവെന്നും ഇനിയും എത്ര അപേക്ഷകർക്ക് മണൽ ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ; (സി) മണൽ ലഭിക്കാനുളളവർക്ക് വേഗത്തിൽ മണൽ അനുവദിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) & (സി) CWRDM പഠന റിപ്പോർട്ട് പ്രകാരം ജില്ലയിലെ മണൽ കടവുകളിൽ നിന്നും വാരാവുന്ന മണലിന് പരിധി നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം വാരാവുന്ന മണൽ ഇ-മണൽ പദ്ധതി പ്രകാരം അപേക്ഷകർക്ക് ക്രമപ്രകാരം നൽകി വരുന്നു. ജില്ലയിൽ മണലിനു വേണ്ടി 1,02,896 പേർ ഇതിനകം ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും 37,125 പേർക്ക് മാത്രമെ ഇതിനകം മണൽ അനുവദിക്കുവാൻ സാധിച്ചിട്ടുളളു. 65,771 പേർക്ക് മണൽ ഇനിയും അനുവദിക്കുവാനുണ്ട്. ജില്ലയിൽ ഇ-മണൽ സംവിധാന പ്രകാരം അനുവദനീയമായ അളവിലുളള മണൽ ഇപ്പോൾ തന്നെ പ്രതിദിനം വാരുന്നുണ്ട്. കടവുകളിൽ നിന്നും വാരാവുന്ന മണലിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിന് പഠനം നടത്തി വരുന്നു. |
| (ഡി) മണൽക്കടവുകൾ നിലവിലില്ലാത്ത പയ്യന്നൂർ നിയോജകമണ്ഡലത്തിലേക്ക് കാസർഗോഡിൽ നിന്നും മണൽ കൊണ്ടുവരുന്നതിനുളള അനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) പുറമെ നിന്ന് നിയമപ്രകാരം മണൽ കൊണ്ടുവരുന്നതിന് നിലവിൽ തടസ്സം ഒന്നും ഇല്ല. |

സെക്ഷൻ ഓഫീസർ